**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2571

12.02.2019 ലെ മറുപടിയ്ക്ക്.

## പട്ടികജാതി - പട്ടികവർഗ്ഗക്കാരുടെ വായ്പകൾ

| ചോദ്യം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | ഉത്തരം<br>എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവരുടെ ഏതെല്ലാം വായ്പകളാണ് നിലവിൽ എഴുതിത്തള്ളിയത്; വ്യക്തമാക്കുമോ; | (എ) | പട്ടികവർഗ്ഗ വിഭാഗക്കാർ വിവിധ സർക്കാർ വകുപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ, ദേശസാൽകൃത ബാങ്കുകൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവിടങ്ങളിൽ എടുത്തിട്ടുള്ളതും 31-03-2014 വരെ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ ഒരു ലക്ഷം രൂപവരെയുള്ള വായ്പകളാണ് എഴുതിതള്ളുന്നത്. കൂടാതെ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്നും 5 ലക്ഷം രൂപവരെയുള്ള വായ്പകളിൽ മുതലും, പലിശയും, പിഴപലിശയും ചേർത്ത് മുതലിന്റെ ഒന്നരയിരട്ടിയെങ്കിലും തിരിച്ചടച്ചിട്ടുള്ളവർക്ക് മുതലിന്റെ രണ്ടിരട്ടിയെത്തുന്നതുവരെയുള്ള കുടിശ്ശിക തുക പലിശയും, പിഴപലിശയും ഒഴിവാക്കി 24 പ്രതിമാസ ഗഡുക്കളാക്കി തിരിച്ചടക്കുന്നതിന് ബഹു. മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി നിലവിലുണ്ട്. |
| (ബി) | പട്ടികജാതിയിലുള്ളവരുടെ വായ്പകൾ ഇത്തരത്തിൽ എഴുതിത്തള്ളുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ബി) | പട്ടികജാതി വിഭാഗക്കാർ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ള വായ്പകളിൽ 31.03.2010 ന് തിരിച്ചടവ് കാലാവധി പൂർത്തിയായ വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ കുടിശ്ശികയായ ഒരു ലക്ഷം രൂപവരെ എഴുതിതള്ളുന്ന പദ്ധതി നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ